## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5452. 24.05.2017 ൽ മറുപടിക്ക്

### മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടേയും പേഴ്സണൽ സ്റ്റാഫിൽ ഉണ്ടായിരുന്ന ജീവനക്കാർക്ക് പെൻഷൻ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ അനിൽ അക്കര | | ശ്രീ പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) മുൻ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടേയും പേഴ്സണൽ സ്റ്റാഫിൽ ഉണ്ടായിരുന്ന ജീവനക്കാരിൽ പെൻഷന്അപേക്ഷ നൽകിയിരുന്നവർ എത്രയാണ്; 2017 ഏപ്രിൽ 30 വരെ ഇവരിൽ എത്രപേർക്ക് പെൻഷൻ അനുവദിച്ചുവെന്ന് അറിയിക്കാമോ; | എ | ഇതുവരെ 428 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിൽ ഇതുവരെ 46 പേർക്ക് പെൻഷൻ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ ഇത്രയേറെ കാലതാമസം എന്തുകൊണ്ടാണ് ഉണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ;<br>സി) പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ മനപ്പൂർവ്വം കാലതാമസം ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പേരിൽ എത്ര പേർക്കെതിരെ ശിക്ഷണ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;<br>ഡി) അവശേഷിക്കുന്ന അപേക്ഷകൾ പെൻഷൻ അനുവദിക്കുന്നതിനായി അക്കൗണ്ടന്റ് ജനറൽ ഓഫീസിലേക്ക് അടിയന്തിരമായി അയയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | ബി, സി & ഡി | നോൺ ഗസറ്റഡ് സേവനകാലം ഉള്ള അപേക്ഷകരുടെ സേവനപുസ്തകം ലഭ്യമാകാത്ത സാഹചര്യത്തിൽ അത്തരം പെൻഷൻ അപേക്ഷകൾ തീർപ്പാക്കുവാൻ ശേഷിക്കുന്നുണ്ട്. പേഴ്സണൽ സ്റ്റാഫിൽ നിന്നും വിടുതൽ ചെയ്ത ജീവനക്കാർക്കുള്ള ടെർമിനൽ സറണ്ടർ, ശമ്പള പരിഷ്കരണ കുടിശ്ശിക എന്നിവ നൽകുന്ന നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. സർവ്വീസ് ബുക്ക് ലഭ്യമായതിനുശേഷം ടി അപേക്ഷകൾ വിശദമായ പരിശോധനകൾക്കു ശേഷം രേഖകളുമായി ഒത്തു നോക്കി പെൻഷൻ ബുക്കുകളും പകർപ്പുകളും സാക്ഷ്യ പ്പെടുത്തി അക്കൗണ്ടന്റ് ജനറൽ ഓഫീസിലേക്ക് സമയബന്ധിതമായി അയച്ചുകൊടുക്കുന്നുണ്ട്. |

Sandhya(signature)

സെക്ഷൻ ഓഫീസർ